"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. അജയ്.വി.ജി., സമർപ്പിച്ച പുനഃപരിശോധനാഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2183/2025/LSGD തീയതി,തിരുവനന്തപുരം, 08-09-2025

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2024 തീയതിയിലെ LSGD/PD/7754/2024-VIGA5 നമ്പർ ഉത്തരവ്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.10.2024,16.03.2025 തീയതികളിലെ LSGD/PD/7754/2024-VIGA5 നമ്പർ കത്തുകൾ.
3. 24.03.2025 തീയതിയിലെ സ.ഉ(സാധാ)നം. 784/2025/തസ്വഭവ.
4. കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. അജയ്.വി.ജി. സമർപ്പിച്ച 06.05.2025 തീയതിയിലെ പുനഃപരിശോധനാഹർജി.

**ഉത്തരവ്**

തിരൂർ നഗരസഭയിൽ എൽ.ഡി.സി/ബി.സി ആയി സേവനമനുഷ്ഠിച്ച വരവെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യപ്പെട്ട ശ്രീ.യു.വി മധു, സർവ്വീസിൽ പുനപ്രവേശിപ്പിക്കുന്നതിനായി സമർപ്പിച്ച ഫയലിൽ യഥാസമയം നടപടി സ്വീകരിച്ചില്ലെന്നാരോപിച്ചുകൊണ്ട് നഗരകാര്യഡയറക്ടറേറ്റിലെ V2 സെക്ഷൻ ക്ലാർക്ക് ആയിരുന്ന ശ്രീ.അജയ്. വി.ജി.-യ്ക്കെതിരെ നഗരകാര്യഡയറക്ടർ KCS(CC&A)Rules, 1960 Rule 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി പരാമർശം 1 ഉത്തരവ് പ്രകാരം ടിയാളുടെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കിയിരുന്നു. ആയതിനെതിരെ ടിയാൾ സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ പരാമർശം 3 പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു. അപ്പീൽ അപേക്ഷ നിരസിച്ച ഉത്തരവ് പുനഃപരിശോധിക്കണമെന്ന ആവശ്യവുമായി കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. അജയ്.വി.ജി. പരാമർശം 4 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ. അജയ്.വി.ജി. യുടെ പുനഃപരിശോധനാ അപേക്ഷയിൽ ടിയാൾ ഉന്നയിച്ചിട്ടുള്ള വാദങ്ങൾ ചുവടെ ചേർക്കും പ്രകാരമായിരുന്നു-

(i) തിരൂർ നഗരസഭയിൽ എൽ.ഡി.സി/ബി.സി ആയി സേവനമനുഷ്ഠിച്ച വരവെ

സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്ത ശ്രീ.യു.വി മധു സർവ്വീസിൽ പുനപ്രവേശിപ്പിക്കുന്നതിനായി സമർപ്പിച്ച ഫയലിൽ നടപടി സ്വികരിക്കുന്നതിന് V2 സെക്ഷൻ ക്ലാർക്ക് ആയിരുന്ന ടിയാൾ കാലതാമസം വരുത്തി എന്നതായിരുന്നു ടിയാൾക്കെതിരെയുള്ള ആരോപണം. എന്നാൽ ശ്രീ.യു.വി.മധു, അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുകയായിരുന്നു. അക്കാര്യം ബോധിപ്പിച്ചിട്ടും ആയത് പരിഗണിക്കുകയുണ്ടായില്ല. ശ്രീ.യു.വി.മധു 2007 മുതൽ അനധികൃതമായി ഹാജരാകാതെ പുറത്ത് നിന്ന് 7 വർഷത്തിന് ശേഷം സർവ്വീസിൽ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച വിഷയമാണ് V2-20583/13 നമ്പർ ഫയലിൽ കൈകാര്യം ചെയ്തിരുന്നത്. ആയത് ടിയാനെതിരെ അച്ചടക്കനടപടി എടുക്കുന്നതിനായി ആരംഭിച്ച ഒരു ഫയൽ ആയിരുന്നില്ല.

(ii) ശ്രീ.യു.വി മധുവിന്റെ വിഷയത്തിൽ ആരംഭിച്ച V2-20583/13 നമ്പർ ഫയൽ നോട്ടിൽ ഖണ്ഡിക 84,85 ലെ 26.09.2017 ലെ ബഹു.ഡയറക്ടറുടെ നിർദ്ദേശം, "*Also figure out who all in the municipality, DUA are responsible for this anomaly of not even initiating disciplinary proceedings*" എന്നായിരുന്നു. 2007 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതെ പുറത്ത് നിന്ന ശ്രീ.യു.വി മധുവിനെതിരെ യഥാസമയം അച്ചടക്കനടപടികൾ ആരംഭിക്കാതിരുന്ന നഗരസഭയിലേയും, ഡയറക്ടറേറ്റിലേയും ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നിട്ടും ടിയാൾക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ടിയാൾക്കെതിരെ ആരംഭിച്ച അച്ചടക്കനടപടികൾക്ക് ടിയാൻ 2019-ൽ നൽകിയ മറുപടിയിന്മേൽ നേരിട്ട് ബോധ്യപ്പെടുത്തിയ കാര്യങ്ങളിൽ തുടർനടപടികൾ സ്വീകരിക്കാതെ വർഷങ്ങൾക്കുശേഷം വകുപ്പുകളുടെ ഏകീകരണത്തോടുകൂടി 2023-ൽ ഫയൽ ബഹു.പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലേക്ക് കൈമാറുകയും തുടർന്ന് ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും നടപടികൾ തുടരുകയും ചെയ്തു. V2-20583/2013 നമ്പർ ഫയലിൽ ബഹു.നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശം എന്തായിരുന്നോ ആയതനുസരിച്ച് നടപടികൾ മുന്നോട്ട് പോയിരുന്നുവെങ്കിൽ 2007 മുതൽ അനധികൃതമായി ഹാജരാകാതിരുന്ന ഒരു ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാതെ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻ നേരിടേണ്ടിയിരുന്ന നടപടികളാണ് ടിയാൾക്ക് നേരിടേണ്ടി വന്നത്. ടി ഫയലിൽ, V2 സൂപ്രണ്ട് ഒരാഴ്ചക്കകം ഫയൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് ബഹു. ജോയിന്റ് ഡയറക്ടറുടെ 14.11.2014-ലെ കുറിപ്പോടു കൂടിയ നിർദ്ദേശത്തോടെ സൂപ്രണ്ട് വശം ഫയൽ കൈമാറിയതാണ്. പിന്നീട് പ്രസ്തുത സൂപ്രണ്ട് സ്ഥലം മാറി പോയി പുതിയ സൂപ്രണ്ട് ചുമതല ഏറ്റെടുത്തതിനുശേഷം ഫയൽ സെക്ഷനിൽ തിരികെ ലഭിക്കുകയും പുതിയ സൂപ്രണ്ട് മുഖേന ഫയൽ പുട്ട് അപ്പ് ചെയ്യുകയാണുണ്ടായത്.

(iii) മേൽ വസ്തുതകൾ പരിശോധിച്ച് തന്റെ അപ്പീൽ നിരസിച്ച ഉത്തരവ് പുനഃപരിശോധിക്കണമെന്നും ഇക്കാര്യത്തിൽ താൻ കുറ്റക്കാരനല്ലെന്ന കണ്ട് അനുകൂലഉത്തരവ് ഉണ്ടാകണമെന്നും അപേക്ഷിക്കുന്നതോടൊപ്പം യഥാർത്ഥ വസ്തുതകളും രേഖകളും നേരിട്ട് ബോധ്യപ്പെടുത്തുന്നതിന് തന്നെ നേരിൽ കേൾക്കുന്നതിന് അവസരം നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി.

3. ശ്രീ.അജയ് വി ജിയുടെ അഭ്യർത്ഥന പ്രകാരം ടിയാളെ 04.06.2025 ന് തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ടി വേളയിലും ടിയാളുടെ വാദങ്ങൾ ആവർത്തിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം ശ്രീ. അജയ് വി.ജി. യുടെ അപേക്ഷയുടേയും നേരിൽ കേട്ട സമയത്തെ ടിയാന്റെ വാദങ്ങളുടേയും ബന്ധപ്പെട്ട രേഖകളുടേയും അടിസ്ഥാനത്തിൽ

വിശദമായി പരിശോധിച്ചു. ശ്രീ. യു.വി. മധു 23/03/2007 മുതൽ 26/10/2013 വരെ ഓഫീസിൽ അനധികൃതമായി ഹാജരാകാത്തതിനെ തുടർന്ന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയ തിരൂർ നഗരസഭയിലെ അക്കാലയളവിലെ ഉദ്യോഗസ്ഥരായ ക്ലാർക്കുമാരായിരുന്ന ശ്രീ.ഗോപകുമാർ ആർ, ശ്രീമതി സാവിത്രി എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടിയിൻ മേലുള്ള തുടർനടപടി അവസാനിപ്പിച്ചും, നിലവിൽ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. മനോജ് കുമാർ ടി എന്നവരുടെ അച്ചടക്കനടപടി സർക്കാരിന്റെ 17/04/2023 ലെ സ.ഉ(സാധാ)നം.986/2023/എൽഎസ്ജിഡി ഉത്തരവ് പ്രകാരം തുടർനടപടി അവസാനിപ്പിച്ചും തീർപ്പാക്കിയിട്ടുള്ളതാണെന്നും തിരൂർ നഗരസഭയിലെ ക്ലാർക്കുമാരായിരുന്ന ശ്രീ. കൃഷ്ണൻ മുണ്ടിയാൻതറ, ശ്രീമതി സുപ്രിയ, ശ്രീ.ശശികുമാർ.വി.കെ എന്നിവരുടെ അച്ചടക്കനടപടി, ഭാവിയിൽ ഫയൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ജാഗ്രത പുലർത്തണമെന്നും വീഴ്ച ഉണ്ടാകുന്ന പക്ഷം കഠിന ശിക്ഷയുള്ള അച്ചടക്കനടപടിക്ക് വിധേയരായാക്കും എന്ന് താക്കീത് ചെയ്തു തുടർനടപടി അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ശ്രീ. മധു ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിലേയ്ക്കായി നഗരസഭാ സെക്രട്ടറിക്ക് അപേക്ഷ നഗരകാര്യ ഡയറക്ടറേറ്റിൽ ലഭ്യമായതു മുതൽ ശ്രീ. അജയ് വി.ജി. ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്തു തുടങ്ങിയ 14/11/2014 വരെ ടി വിഷയത്തിൽ നടപടിയെടുക്കാതിരുന്ന മറ്റ് ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടില്ലാത്തതാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയിതിട്ടുള്ളതാണ്.

5. മേൽ സാഹചര്യത്തിൽ 23.03.2007 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നിട്ടും സസ്പെന്റ് ചെയ്തിട്ടില്ലാത്ത ശ്രീ. യു.വി. മധു 6 വർഷത്തിന് ശേഷം 26.10.2013 ന് സർവീസിൽ പുനപ്രേവേശിപ്പിക്കുന്നതിന് നൽകിയ അപേക്ഷയിൽ നടപടി സ്വീകരിച്ചില്ലായെന്ന ആരോപണത്തിൽ 2014 ജൂലൈ മുതൽ 2015 ഡിസംബർ മാസം വരെ വി2 സെക്ഷനിൽ ജോലി ചെയ്തിരുന്ന ശ്രീ അജയ് .വി.ജി -യുടെ ഭാഗത്ത് മനപ്പൂർവ്വമായ വീഴ്ചയുണ്ടായതായി കാണുന്നില്ലായെന്നതിനാലും പ്രസ്തുത വിഷയത്തിൽ ടിയാനെതിരായി ആരംഭിച്ച അച്ചടക്കനടപടി തീർപ്പാക്കിയ പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2024 തീയതിയിലെ ഉത്തരവിനെതിരായി ശ്രീ. അജയ്.വി.ജി., സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ വാദങ്ങൾ വസ്തുതാപരമാണെന്നും കാണുന്നതിനാൽ ആയത് പരിഗണിച്ച് പരാമർശം 3 ഉത്തരവ് പുനപരിശോധിച്ച്കൊണ്ട്, ടിയാനെതിരായ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 1 ഉത്തരവ് പ്രകാരമുള്ള ശിക്ഷാനടപടി ഒഴിവാക്കി, മേൽ വിഷയത്തിൽ ടിയാന് "താക്കീത്" നൽകിക്കൊണ്ട്, പരാമർശം 4 പ്രകാരമുള്ള പുനഃപരിശോധനാഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. അജയ്.വി.ജി., ജൂനിയർ സൂപ്രണ്ട്, ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം ,കോട്ടയം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 08-09-2025 15:23:19

സെക്ഷൻ ഓഫീസർ